# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 538 30.06.2016-ൽ മറുപടിയ്ക്ക്

### വനശ്രീ യൂണിറ്റുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, അടൂർ പ്രകാശ്<br>,, കെ.സി.ജോസഫ്<br>,, അൻവർ സാദത്ത് | ശ്രീ. കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) മുൻ ഗവൺമെന്റിന്റെ കാലത്ത് വനശ്രീയൂണിറ്റുകളെ നവീകരിക്കാനും, ശക്തിപ്പെടുത്താനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തത് ; വിശദമാക്കുമോ; | എ) വന വികാസ ഏജൻസികളുടെ മേൽ നോട്ടത്തിൽ വനവിഭവശേഖരണം, മൂല്യവർദ്ധന വിപണനം എന്നീ പ്രവർത്തനങ്ങൾ വന സംരക്ഷണ സമിതികൾ, ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയിലെ എല്ലാ അംഗങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ നിർവ്വഹിക്കുന്നതിന് വനശ്രീ യൂണിറ്റുകൾ പുനഃസംഘടിപ്പിക്കുകയായിരുന്നു പ്രധാന പരിപാടി. വനമേഖലകളിൽ നിന്നും ശേഖരിച്ച തടിയേതര വന വിഭവങ്ങൾ സൂക്ഷിക്കുന്നതിനുള്ള ശേഖരണ കേന്ദ്രങ്ങൾ, സംസ്കരിച്ച് മൂല്യവർദ്ധനവ് നടത്തുന്നതിനുള്ള യന്ത്ര സംവിധാനങ്ങളോടുകൂടിയ പ്രോസസിംഗ് കേന്ദ്രങ്ങൾ, ഉൽപ്പന്ന വിപണന കേന്ദ്രങ്ങൾ എന്നിവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏർപ്പെടുത്തുന്നതിനായി ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധനസഹായം ലഭ്യമാക്കാൻ നടപടി എടുത്തു |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് സംബന്ധിച്ച് കൈവരിക്കാനുദ്ദേശിച്ചത്; | ബി) വന മേഖലകളിൽ നിന്നും ശേഖരിച്ച തടിയേതര വന വിഭവങ്ങൾ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുവാനും, യന്ത്രങ്ങളുടെ സഹായത്തോടുകൂടി കൂടുതൽ കാര്യക്ഷമതയോടെ വിപണിയിലെ ആവശ്യാനുസരണം മൂല്യവർദ്ധനവ് നടത്തി വിപണനത്തിന് സജ്ജമാക്കുവാനും അതുവഴി ആദിവാസികൾക്ക് കൂടുതൽ |

തൊഴിൽ അവസരങ്ങളും, വരുമാനവും ഉണ്ടാക്കുകയുമാണ് മേൽ സംവിധാനം വഴി ലക്ഷ്യമിട്ടത്.

| | | | |
|---|---|---|---|
| സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | സി) | 1) വനശ്രീ യൂണിറ്റുകളുടെ മേൽ നോട്ടത്തിനായി, വന വികാസ ഏജൻസികളിൽ പ്രത്യേക കമ്മിറ്റികളെ ചുമതലപ്പെടുത്തി.<br>2) സംസ്ഥാന വന വികാസ ഏജൻസിയുടെ കീഴിൽ "വനശ്രീ സെല്ലിന്റെ" പ്രവർത്തനം ഊർജ്ജിതപ്പെടുത്തി.<br>3) പ്രവർത്തനഫണ്ട് സമയത്തിന് ലഭ്യമാക്കുവാനായി വന വികാസ ഏജൻസിയിൽ "റിവോൾവിംഗ് ഫണ്ട് " രൂപീകരിച്ചു<br>4) ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏർപ്പെടുത്തുവാൻ ദേശീയ ഔഷധ സസ്യ ബോർഡിന്റെയും മറ്റ് വിവിധ സർക്കാർ ഏജൻസികളിൽ നിന്നും ധന സഹായത്തിനായി പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചു<br>5) വനശ്രീ വിഭവങ്ങളുടെ ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിനും പായ്ക്കിംഗ് മെച്ചപ്പെടുത്തുന്നതിനും മറ്റ് വിപണന തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനും വിദഗ്ധ പഠനം നടത്തുന്നതിനും നടപടി സ്വീകരിച്ചു<br>6) വന വിഭവ ശേഖരത്തിലേർപ്പെടുന്ന ആദിവാസികൾക്ക് വിപണി വിലയുമായി ബന്ധപ്പെട്ട് പ്രതിഫലം ഉടനടി നൽകുവാൻ നടപടിയെടുത്തു<br>7) വനശ്രീയുമായി ബന്ധപ്പെട്ട യൂണിറ്റുകളുടെ കണക്കുകൾ സമയബന്ധിതമായി ഓഡിറ്റ് ചെയ്യുവാൻ നടപടിയെടുത്തു<br>8) വനശ്രീ വിഭവങ്ങൾ ഓൺ ലൈനായി വിൽക്കുന്നതിന് നടപടി ആരംഭിച്ചു |

ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്?

ഡി) വന വികാസ ഏജൻസി തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചതിലൂടെ വനശ്രീ സംബന്ധമായ പ്രവർത്തന കാര്യങ്ങളിൽ കാലതാസമം, ഒഴിവാക്കുവാൻ സാധിച്ചു. റിവോൾവിംഗ് ഫണ്ടിന്റെ രൂപീകരണത്തിലൂടെ വന വിഭവ ശേഖരണ, സംസ്കരണ, മൂല്യവർദ്ധന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് വേതനം ഉൾപ്പെടെയുള്ള കാര്യങ്ങൾ സമയബന്ധിതമായി കൊടുക്കുവാൻ സാധിക്കുന്നു. മറ്റ് ഏജൻസികളിലൂടെ ഫണ്ട് ലഭ്യമാക്കുക വഴി ശേഖരണ, സംസ്കരണ, മൂല്യവർദ്ധന പ്രവർത്തനങ്ങൾക്കാവശ്യമായ സാമഗ്രികൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ദേശീയ ഔഷധ സസ്യ ബോർഡിൽ നിന്നും 364 ലക്ഷം രൂപയുടെ പദ്ധതി അനുവദിച്ചു കിട്ടി. ഓൺലൈൻ വഴിയിലൂടെയുള്ള മാർക്കറ്റിംഗ് സേവനങ്ങൾ ഏർപ്പെടുത്തുന്ന നടപടി പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ